**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1435** **08-12-2022 - ൽ മറുപടിയ്ക്ക്**

**താൽക്കാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനക്ഷേമ വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള സംസ്ഥാന യുവജന കമ്മീഷൻ ഓഫീസിൽ 6 കരാർ ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളത്. അസിസ്റ്റന്റ് (2), കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (1), ഡ്രൈവർ (2), ഓഫീസ് അസിസ്റ്റന്റ് (1) എന്നീ തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളത്. ജീവനക്കാർക്ക് 2022 ഒക്ടോബർ മാസം വേതനവും മറ്റ് ആനുകൂല്യങ്ങളുമായി ആകെ 1,42,800/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ പ്യൂൺ കം സ്വീപ്പറായി ഒരാൾക്ക് കരാർ അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്. 2022 ഒക്ടോബർ മാസം ആകെ 18,890/- രൂപ വേതനമായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; താൽക്കാലിക/കരാർ നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയത് ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | യുവജന കമ്മീഷന്റെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചു കൊണ്ടുള്ള 11/07/2013 -ലെ സ.ഉ.(കൈ)നം.14/2013/കാ.യു.വ ഉത്തരവ് പ്രകാരം കരാർ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിട്ടുള്ളത്. പത്രപരസ്യം നൽകി ഇന്റർവ്യൂ നടത്തിയാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിലെ താൽക്കാലിക നിയമനം ബോർഡാണ് നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ